സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സ.13693/21/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 25/11/2021

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിൽ Rights of Persons with Disabilities Act 2016 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) G.O (MS) No.181/2021/RD, തീയതി 22/09/2021
2) 29/09/2021 ലെ ആർ.ഒ.സി.245/09/എസ്റ്റ.1 നമ്പർ ബോർഡുത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ Rights of Persons with Disabilities Act 2016 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി സൂചന 1 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന് ചുവടെ വിവരിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തസ്തികകളിൽ By transfer/Promotion നിയമനം നൽകുന്നതിന് നിശ്ചിത ക്വാട്ട നീക്കിവച്ചിട്ടുള്ള തസ്തികകളിലെ 4% ഒഴിവുകളിൽ Rights of Persons with Disabilities Act 2016 ലെ 34-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി സൂചന ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ബോർഡ് ഉത്തരവ് പ്രകാരം പ്രൊമോഷൻ വഴി നിയമനം നൽകുന്നതിനായി ചുവടെപ്പറയുന്ന തസ്തികകളാണ് പരിഗണിക്കേണ്ടതാണ്.

1) ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പാഫീസർ
2) ആഫീസ് അറ്റൻഡന്റ്/പ്യൂൺ
3) ഓവർസീയർ ഗ്രേഡ് -3

മറുപുറം

ആകയാൽ മേൽ വിവരിച്ച തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി ചുവടെ വിവരിക്കുന്ന എ മുതൽ സി വരെയുള്ളവയിൽ ഉൾപ്പെട്ട 40% ത്തിൽ കുറയാത്ത പ്രത്യേക വൈക്യമുള്ള ജീവനക്കാരുടെ അപേക്ഷ 2021 ഡിസംബർ 10 4.00 പി.എം ന് മുമ്പാകെ ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(എ) അന്ധതയും കാഴ്ചകുറവും

(ബി) ബധിരതയും, കേൾവി കുറവും

(സി) സെറിബ്രൽ പൾസി, ഭേദമായ കുഷ്ഠരോഗം, വാമനത്വം, ആസിഡ് ആക്രമത്തിലെ ഇരകൾ, പേശി വൈകല്യം വ്യക്തികൾ എന്നിവ ഉൾപ്പെടെയുള്ള ചനല വൈകല്യം

ഈ സർക്കുലറിനോടൊപ്പം ചേർത്തിട്ടുള്ള പ്രൊർഫോർമയിൽ പരമ്പരാഗത തസ്തികകളിൽ ജോലി നോക്കി വരുന്ന ജീവനക്കാർ ഒഴികെയുള്ള ഫുൾടൈം ക്ലാസ്സ് ഫോർ ജീവനക്കാരുടെ വിവരം ബന്ധപ്പെട്ട ആഫീസ് മേധാവി ടിയാളുകളുടെ 40% ത്തിൽ കുറയാത്ത ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ച്, രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലോടുകൂടി 2021 ഡിസംബർ 15 തീയതി വൈകുന്നേരം 4.00 പി.എം ന് മുമ്പായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ടി സർക്കുലർ എല്ലാ ക്ലാസ്സ് ഫോർ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

കാലതാമസം അനുവദനീയമല്ല

ഒപ്പ്

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3) ഫിനാൻസ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4) ലോ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5) ചീഫ് എഞ്ചിനീയർ (ജനറൽ)
6) ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
7) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8) എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9) കൾച്ചറൽ ഡയറക്ടർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
10) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
11) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
12) ഇ.ഡി.പി സെക്ഷൻ
13) സെക്ഷൻ ഫയൽ
14) ഫെയർ ആഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.20/11

# പ്രൊഫോർമ

| ക്രമ നം | ജീവനക്കാരുടെ പേര് വിവരം | വിദ്യാഭ്യാസ യോഗ്യത | നിലവിൽ ജോലി നോക്കുന്ന തസ്തിക സബ്ഗ്രൂപ്പ്, ഗ്രൂപ്പ്/ഓഫീസ് | സർവ്വീസിൽ പ്രവേശിച്ച തീയതി | വിരമിക്കുന്ന തീയതി | ഡിസബിലിറ്റി സംബന്ധിച്ച വിവരം (ക്യാറ്റഗറി - എ/ബി/സി) (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) | ലോ -പെയ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ (ഉണ്ടെങ്കിൽ ക്രമ നം) | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

ആഫീസ് മേധാവി